**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **10-02-2025 - ൽ മറുപടിയ്ക്ക്**

**കയറ്റുമതി പ്രോത്സാഹന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി കയറ്റുമതി പ്രോത്സാഹനനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ കയറ്റുമതിക്കാർക്ക് ആഗോള തലത്തിലുള്ള വാണിജ്യ അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനും പുതിയ പങ്കാളിത്തങ്ങൾ സ്ഥാപിക്കാനും ആഗോളതലത്തിൽ സാന്നിധ്യം ഉറപ്പിക്കാനും അത് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും സമൃദ്ധിക്കും സംഭാവന നൽകുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി 30/01/2025 തീയതിയിലെ ജി.ഒ(എം.എസ്) നം.6/2025/ഐ.ഡി സർക്കാർ ഉത്തരവ് പ്രകാരം കയറ്റുമതി പ്രോത്സാഹനനയം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് കൃത്യമായി പരിഹാരം കാണുന്നതിനും കഴിയുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിനും സാധിക്കുന്നതാണ്. കേരളത്തിന്റെ തനത് വിഭവങ്ങളും ഭൂമിശാസ്ത്രപരമായ നേട്ടങ്ങളും ഉപയോഗിച്ച് സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർധിപ്പിക്കുക, പുതിയ വാണിജ്യ അവസരങ്ങൾ തുറക്കുക, അന്താരാഷ്ട്ര വ്യാപാര ഭൂപടത്തിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുക അതുവഴി കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരികയും സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് വഴിയൊരുക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ നയപരിപാടിയിലൂടെ കൈവരിക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി | (സി) | കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ |

| | | | |
|---|---|---|---|
| | പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ഉൾപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി മേഖലയിൽ മത്സരക്ഷമത വർധിപ്പിക്കുക, വിപണി വൈവിദ്ധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുക, നവീകരണവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കയറ്റുമതി പ്രോത്സാഹന നയം 2025 അംഗീകരിച്ചിരിക്കുന്നത്. വിദേശ നിക്ഷേപവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് ആഗോള ബന്ധം ശക്തിപ്പെടുത്തുക, ലോക വിപണികളിലേക്കുള്ള പ്രവേശനം സുഗമമാക്കുക, ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കയറ്റുമതിയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കുക തുടങ്ങിയ കേരള വ്യാവസായിക നയം 2023-ൽ പറഞ്ഞിരിക്കുന്ന വിശാലമായ നയ ലക്ഷ്യങ്ങളുമായി ചേർന്നു പോകുന്നതാണ് കയറ്റുമതി പ്രോത്സാഹന നയത്തിലെ ലക്ഷ്യങ്ങൾ. കേരള വ്യവസായ നയത്തിൽ പരാമർശിച്ചിരിക്കുന്ന വിവിധ മുൻഗണന മേഖലകൾ ഉൾപ്പെടെ തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലുടനീളം കേരളത്തിൽ നിന്നുള്ള കയറ്റുമതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതി നുമായി ശക്തമായ ഒരു മൂല്യ ശൃംഖല സൃഷ്ടിക്കുന്നതിൽ കയറ്റുമതി പ്രോത്സാഹന നയം -2025 ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. |
| (ഡി) | കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന സാമ്പത്തികവും സാമ്പത്തികേതരവുമായ പ്രോത്സാഹനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (ഡി) | കയറ്റുമതി പ്രോത്സാഹന നയം ബിസിനസുകളെ അവരുടെ അന്തർദേശീയ പ്രവർത്തനങ്ങളിൽ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഈ നയത്തിന്റെ ലക്ഷ്യം കയറ്റുമതിയുടെ തോതും മൂല്യവും വർധിപ്പിക്കുക, ബ്രാൻഡ് കേരള എന്നത് ഒരു കയറ്റുമതി ബ്രാൻഡായി സ്ഥാപിക്കുക, കയറ്റുമതി യുടെ വിഭവങ്ങൾ, വസ്തുക്കൾ, സേവനങ്ങൾ എന്നിവയുടെ വൈവിധ്യവൽക്കരണം മത്സരക്ഷമത വർധിപ്പിക്കുക, വിപണിയിൽ പ്രവേശന സൗകര്യങ്ങൾ വർധിപ്പിക്കുക, സുസ്ഥിരത പ്രോത്സാഹിപ്പിക്കുക, കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾശക്തമാക്കുക, നവോപകരണവും ഗവേഷണ-വികസനവും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രോത്സാഹന സ്ഥാപനങ്ങളെ ശക്തമാക്കുക, കയറ്റുമതിയുമായി ബന്ധപ്പെട്ട ബോധവത്കരണവും ആശയങ്ങളും പ്രോത്സാഹിപ്പിക്കുക, കയറ്റുമതി പ്രകടനം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷംസൃഷ്ടിച്ച്, ഉന്നത നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും കയറ്റുമതി ചെയ്യുന്ന ഒരു |

| | | | |
|---|---|---|---|
| | | | ആഗോള കേന്ദ്രമായി കേരളത്തെ മാറ്റുക എന്നതുമാണ്. കയറ്റുമതിക്കാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഒട്ടേറെ ആനുകൂല്യങ്ങൾ കയറ്റുമതി പ്രോത്സാഹന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവിടുന്ന തുകയുടെ 25% (പരമാവധി ഒരു യൂണിറ്റിന് 1 കോടി രൂപ) ഒറ്റത്തവണ സബ് സിഡിയായി അനുവദിക്കുന്ന എക്സ്പോർട്ട് ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട്, കയറ്റുമതി ചരക്ക് മൂല്യത്തിന്റെ 1% ( ഒരു യൂണിറ്റിന് പരമാവധി 1 കോടി രൂപ) പ്രതിവർഷം നൽകുന്ന എക്സ്പോർട്ട് ടേണോവർ ബേസ്ഡ് ഇൻസെന്റീവ്, ലോജിസ്റ്റിക്സ് ചെലവുകളുടെ 50% പ്രതിവർഷം (ഒരു യൂണിറ്റിന് പരമാവധി 15 ലക്ഷം രൂപ) കയറ്റുമതി ആരംഭിച്ച് 5 വർഷക്കാലത്തേക്ക് നൽകുന്ന ലോജിസ്റ്റിക്സ് അസിസ്റ്റൻസ് കയറ്റുമതി സ്ഥാപനങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ആയി ഒരു കോടി രൂപ വരെ നൽകുന്ന എക്സ്പോർട്ട് റിസർച്ച് ആന്റ് മാർക്കറ്റ് ഇന്റലിജൻസ് ഫണ്ടിംഗ് തുടങ്ങിയ സാമ്പത്തിക പ്രോത്സാഹനങ്ങളും, എക്സ്പോർട്ട് ട്രെയിനിങ് ആന്റ് സ്കിൽ ഡെവലപ്മെന്റ്, നൈപുണ്യ വികസനം ഗവേഷണവും വികസനവും, എക്സ്പോർട്ട് പാക്കേജിംഗ്, അംഗീകൃത സർട്ടിഫിക്കേഷനുള്ള ലാബുകൾ, കയറ്റുമതി ഇൻകുബേഷൻ സെന്ററുകൾ, കയറ്റുമതി ഉപദേശക സേവനങ്ങൾ തുടങ്ങിയ സാമ്പത്തികേതര പ്രോത്സാഹനങ്ങളും ഡിജിറ്റൽ എക്സ്പോർട്ട് പ്ലാറ്റ്ഫോം, എക്സ്പോർട്ട് കൺസോർഷ്യം വിവിധ മുൻഗണനകൾക്ക് പരിഗണിക്കുന്ന എക്സ്പോർട്ടേഴ്സ്കാർഡ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങളും കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ